# കേരള സർവകലാശാല

നം.പി.ആർ.204/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ മ്യൂസിക് പ്രാക്ടിക്കൽ ഒക്ടോബർ 3 ന് അതത് കോളേജുകളിൽ വെച്ച് നടത്തുന്നതാണ്.

2019 മേയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി.എസ്.സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസിന്റെ (പ്രോഗ്രാമിംഗ് ഇൻ 'C' ലാബ്) പ്രാക്ടിക്കൽ പരീക്ഷയും, 2019 ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് നാലാം സെമസ്റ്റർ ബി.എസ്.സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസിന്റെ (പ്രോഗ്രാമിംഗ് ലാബ് II) പ്രാക്ടിക്കൽ പരീക്ഷയും യഥാക്രമം ഒക്ടോബർ 1 നും 10 നും അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്.

2019 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്.സി കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി പ്രോഗ്രാമിന്റെ കെമിസ്ട്രി, ഇൻഡസ്ട്രിയൽ കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 3 മുതൽ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വെച്ചും എൻവിയോൺമെന്റൽ സയൻസ് ആന്റ് എൻവിയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് പ്രോഗ്രാമിന്റെ കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 4 നും നടത്തുന്നതാണ്.

2019 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി ബോട്ടണി ആന്റ് ബയോടെക്നോളജി, ബി.എസ്.സി ബയോടെക്നോളജി (മൾട്ടിമേജർ) പരീക്ഷകളുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 30 മുതലും ബി.പി.എ വോക്കൽ പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 16 മുതൽ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ചും നടത്തുന്നതാണ്.

നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി സുവോളജി (2017 അഡ്മിഷൻ റെഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2014 & 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 21 മുതൽ നടത്തുന്നതാണ്.

നാലാം സെമസ്റ്റർ ബി.എസ്.സി ജിയോളജി (2017 അഡ്മിഷൻ റെഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2014 & 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 3 മുതൽ നടത്തുന്നതാണ്.

ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) മേയ് 2019 ബയോടെക്നോളജി ആന്റ് ബയോ കെമിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ സെപ്റ്റംബർ 30 ന് എസ്.സി.ടി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാപ്പനംകോട്, തിരുവനന്തപുരത്ത് വെച്ച് നടത്തുന്നതാണ്.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വൈവ

2019 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ് പരീക്ഷയുടെ വൈവ സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 4 വരെ എസ്.എൻ കോളേജ്, കൊല്ലം, എസ്.ഡി കോളേജ്, ആലപ്പുഴ, ഗവ.കോളേജ് ഫോർ വിമൻ, വഴുതയ്ക്കാട്, ഗവ.ആർട്സ് കോളേജ്, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. എം.എ ബിസിനസ് ഇക്കണോമിക്സ് പരീക്ഷയുടെ വൈവ ഒക്ടോബർ 9 ന് ഗവ. വനിതാ കോളേജിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രങ്ങൾ

2019 ഒക്ടോബർ 9 മുതൽ നടത്തുന്ന ബി.എ/എസ്.ഡി.ഇ ബിരുദ (2017 അഡ്മിഷൻ) മൂന്നാം സെമസ്റ്റർ പരീക്ഷകൾക്ക് ഗവ.ആർട്സ് കോളേജ്, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ഇമ്മാനുവേൽ കോളേജ്, വാഴിച്ചലും യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം അപേക്ഷിച്ചവർ കെ.എൻ.എം ഗവ.കോളേജ്, കാഞ്ഞിരംകുളത്തും എസ്.ഡി.ഇ, പാളയം അപേക്ഷിച്ചവർ കെ.യു.സി.റ്റി.ഇ, കുമാരപുരത്തും ഗവ.കോളേജ്, നെടുമങ്ങാട് അപേക്ഷിച്ചവർ നാഷണൽ കോളേജ്, മണക്കാടും ക്രിസ്റ്റ്യൻ കോളേജ്, കാട്ടാക്കട അപേക്ഷിച്ചവർ വി.ടി.എം.എൻ. എസ്.എസ് കോളേജ്, ധനുവച്ചപുരത്തും എസ്.എൻ കോളേജ്, വർക്കല അപേക്ഷിച്ചവർ ലയോള കോളേജ്, ശ്രീകാര്യത്തും എസ്.ഡി കോളേജ്, ആലപ്പുഴ അപേക്ഷിച്ചവർ എസ്.എൻ കോളേജ്, ചേർത്തലയിലും പരീക്ഷ എഴുതേണ്ടതാണ്. മറ്റ് പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല. വിദ്യാർത്ഥികൾ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്ത് അതിൽ രേഖപ്പെടുത്തിയിട്ടുള്ള പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്.

ഒക്ടോബർ മാസം നാലാം തീയതി ആരംഭിക്കുന്ന പാർട്ട് III ബികോം ആനുവൽ സ്കീം (പ്രൈവറ്റ് എസ്. ഡി. ഇ) സപ്ലിമെന്ററി പരീക്ഷകൾക്ക് യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച എല്ലാ വിദ്യാർഥികളും ക്രിസ്ത്യൻ കോളേജ് കാട്ടാക്കടയിലും, എസ് എൻ കോളേജ് ഫോർ വിമൻ, കൊല്ലം അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും എസ് എൻ കോളേജ്, കൊല്ലത്തും ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും ടി കെ എം കോളേജ് ഓഫ് ആർട്ട്സ് ആൻഡ് സയൻസ്, കൊല്ലത്തും ഗവ ആർട്ട്സ് കോളേജ് തിരുവനന്തപുരം അപേക്ഷിച്ച ഓൺലൈൻ വിദ്യാർഥികൾ മാത്രം വി.ടി. എം. എൻ. എസ്. എസ് കോളേജ് ധനുവച്ചപുരത്തും എസ് ഡി കോളേജ്, ആലപ്പുഴ അപേക്ഷിച്ച എല്ലാ വിദ്യാർഥികളും എം.എസ്.എം കോളേജ് കായംകുളത്തും മാർ ഇവാനിയോസ് കോളേജ്, നാലാഞ്ചിറ അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും എംജി കോളേജ്, തിരുവനന്തപുരത്തും എസ്.എൻ കോളേജ്, വർക്കല അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും ഗവ. കോളേജ് ആറ്റിങ്ങലിലും എസ്.എൻ കോളേജ് ചാത്തന്നൂർ അപേക്ഷിച്ച എല്ലാ വിദ്യാർഥികളും ഡി.ബി കോളേജ്, ശാസ്താംകോട്ടയിലും ഗവ. കോളേജ്, നെടുമങ്ങാട് അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും നാഷണൽ കോളേജ്, മണക്കാട് തിരുവനന്തപുരത്തും, എൽ.എസ്. സി തൃശ്ശൂർ, എൽ.എസ്.സി കാസർഗോഡ്, എൽ.എസ്.സി മലപ്പുറം എന്നിവ അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും സെന്റ്. മൈക്കിൾസ് കോളേജ്, ചേർത്തലയിലും പരീക്ഷ എഴുതേണ്ടതാണ്.

## പരീക്ഷാഫീസ്

2019 നവംബർ 1 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 10 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 14 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 16 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 മേയിൽ നടത്തിയ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ബയോ മെഡിക്കൽ സയൻസ് (പി.ജി.ഡി.ബി.എസ്) ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ

## ഇന്റർവ്യൂ മാറ്റി

2019 ഒക്ടോബർ 4, 5 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ലൈബ്രറി അസിസ്റ്റന്റ് (കരാർ അടിസ്ഥാനം) തസ്തികയിലേക്കുള്ള ഇന്റർവ്യൂ മാറ്റിവെച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

തിരുവനന്തപുരം.
27.09.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**